# 8

# ആത്മീയ ഇസ്രായേൽ

> "നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു. മുമ്പെ നിങ്ങൾ ജനം അല്ലാത്തവർ; ഇപ്പോഴോ ദൈവത്തിന്റെ ജനം; കരുണ ലഭിക്കാത്തവർ; ഇപ്പോഴോ കരുണ ലഭിച്ചവർ തന്നേ" (1 പത്രൊസ് 2:9, 10).

ഹാർഡിങ്ങ് യൂണിവേഴ്സിറ്റിയിലെ അടുത്ത സമയത്തെ എന്റെ ഒരു ക്ലാസ്സായ പുതിയ നിയമ അവലോകനത്തിൽ യേശു ക്രിസ്തുവിന്റെ ലോകത്തിലേക്കുളള വരവു "കാല സമ്പൂർണ്ണതയിൽ ആയിരുന്നു" എന്നു പറഞ്ഞു. പെട്ടെന്നു ഒരു വിദ്യാർത്ഥി, താല്പര്യത്തോടെ ചോദിച്ചു, "'കാലസമ്പൂർണ്ണത' എന്നാൽ എന്താണ് അർത്ഥം?" ഞാൻ ഗലാത്യർ 4:4, 5 എടുത്തു ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചു വായിച്ചു: "എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻ കീഴ് ജനിച്ചവനായി നിയോഗിച്ചയച്ചത് അവൻ ന്യായപ്രമാണത്തിൻ കീഴുളളവരെ വിലെക്കു വാങ്ങീട്ടു നാം പുത്രത്വം പ്രാപിക്കേണ്ടതിന്നു തന്നേ."

ക്രിസ്തു രക്ഷകനായി ഈ ലോകത്തിൽ വരുവാൻ നിയോഗിച്ച സമയം അവന്റെ നിത്യജ്ഞാനവും മുൻ വിചാര പ്രകാരവും ഉളള സമയമായിരുന്നു ദൈവത്തിന്റെ "കാലസമ്പൂർണ്ണത" എന്നു ഞാൻ വിശദീകരിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, രക്ഷകന്റെ ജനനത്തിനു ദൈവികമായ പദ്ധതിയും ഒരുക്കവും ഉണ്ടായിരുന്നു. അവന്റെ വരവു നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ മനസ്സിൽ പെട്ടെന്നു ഉദിച്ച ആശയമായിരുന്നില്ല. ധൃതഗതിയിൽ ചെയ്ത പ്രവൃത്തിയുമല്ല; മറിച്ചു, അവന്റെ വരവു ദൈവ മനസ്സിൽ ലോകസ്ഥാപനത്തിനു മുമ്പു തന്നെ രൂപപ്പെട്ടിരുന്നു. ആവശ്യമുളള സംഭവങ്ങൾ നടന്നപ്പോൾ, ലോകം ദൈവികമായ ഇടപെടലിനു പാകമായപ്പോൾ, യേശു ജനിച്ചു. കൃത്യമായും, പൗലൊസ് അതിനെ ചരിത്രത്തിലെ "കാലസമ്പൂർണ്ണത" എന്നു

വിളിച്ചു.

പഴയ നിയമകാലയളവായ - പിതാക്കന്മാരുടേയും മോശെയുടേയും കാലം - മുഴുവനും മശിഹയുടെ വരവിനു മുന്നോടിയായിരുന്നു. പിതാക്കന്മാരുടെ കാലയളവിൽ ദൈവം അബ്രഹാമിനെയും യാക്കോബിനെയും ശുശ്രൂഷക്കായി തിരഞ്ഞെടുത്ത് അവരിൽ കൂടെ തന്റേതായ ഒരു ദേശത്തെ രൂപപ്പെടുത്തി. അവൻ ആ ദേശത്തെ തിരഞ്ഞെടുത്ത് "ഇസ്രായേൽ," എന്നു വിളിച്ചു, ആ പേർ അവൻ യാക്കൊബിനു നല്കിയതായിരുന്നു. മോശെയുടെ കാലത്ത്, ദൈവം തിരഞ്ഞെടുത്ത ദേശത്തെ ഒരു നിയമത്തിൻ കീഴിലാക്കി, ആ നിയമം ദൈവം സീനായ് പർവ്വതത്തിൽ വെച്ചു മോശെ മുഖാന്തരം കൊടുത്തതായിരുന്നു. തന്നെ ആരാധിച്ചു, തന്റെ വിശുദ്ധ ജനമായി ജീവിക്കുവാൻ അവൻ അവരെ പഠിപ്പിച്ചു. എങ്കിലും, ദൈവത്തിന്റെ പഴയ നിയമ കാലത്തെ പ്രവൃത്തികളെല്ലാം വാസ്തവത്തിൽ "കാലസമ്പൂർണ്ണതയിൽ" മശിഹയെ ലോകത്തിലേക്കു കൊണ്ടുവരുന്നതിനു വേണ്ട, മുന്നേർപ്പാടുകൾ, അഥവാ നിലമൊരുക്കൽ ആയിരുന്നു. ആരോ പറഞ്ഞു, "ഒരു ദേശത്തിന്റെ സംഭവമാണ് പഴയ നിയമ സംഭവം, എന്നാൽ പുതിയ നിയമ സംഭവം ഒരു വ്യക്തിയുടെ സംഭവമാണ്."

പഴയ നിയമ സംഭവം, ഇസ്രായേൽ ദേശത്തിന്റെ സംഭവം ആകയാൽ, ഈ ദേശത്തിന്റെ ഉല്പത്തി മുതൽ ദൈവം മശിഹയെ ലോകത്തിലേക്കു കൊണ്ടു വരുവാനുള്ള മുന്നൊരുക്കവുമാകയാൽ, കർത്താവിന്റെ സഭ ദൈവത്തിന്റെ ഇസ്രായേലാണെന്നു പൗലൊസ് പറഞ്ഞതിൽ അതിശയിക്കാനില്ല: "ഈ പ്രമാണം അനുസരിച്ചു നടക്കുന്ന ഏവർക്കും ദൈവത്തിന്റെ ഇസ്രായേലിനും സമാധാനവും കരുണയും ഉണ്ടാകട്ടെ" (ഗലാത്യർ 6:16). ദൈവത്തിന്റെ നിയമവുമായ ബന്ധത്തിൽ സഭയെ പൗലൊസ് പുരാതന യിസ്രായേലുമായുള്ള നിയമവുമായ ബന്ധത്തിൽ സഭയെ ആലങ്കാരികമായി പൗലൊസ് പറഞ്ഞതിലും അതിശയിക്കുവാനില്ല: "നാമല്ലൊ പരിഛേദനക്കാർ; ദൈവത്തിന്റെ ആത്മാവു കൊണ്ടു ആരാധിക്കുകയും ക്രിസ്തുയേശുവിൽ പ്രശംസിക്കുകയും ജഡത്തിൽ ആശ്രയിക്കാതിരിക്കയും ചെയ്യുന്ന നാം തന്നേ" (ഫിലിപ്പിയർ 3:3). സഭയെ "യിസ്രായേൽ" എന്നു വിളിച്ചിരിക്കുന്നതു നമുക്കു പ്രധാനപ്പെട്ടതാണ്, കാരണം ഇന്നു ക്രിസ്ത്യാനികൾ ആത്മീയ യിസ്രായേൽ എന്നു പറഞ്ഞിരിക്കുന്നു, പുരാതന യിസ്രായേലിനെ പോലെ നമ്മെ അവന്റെ സ്വന്തജനമാക്കിത്തീർത്തിരിക്കുന്നു!

ഒരു പക്ഷെ പുതിയ നിയമത്തിൽ ഏറ്റവും ഉറപ്പിച്ചു പറയുന്നതു സഭ പുതിയ നിയമ യിസ്രായേൽ എന്ന 1 പത്രൊസ് 2:9, 10 ആകാം. പത്രൊസ് അതിന്റെ അർത്ഥം വിവരിക്കുന്നത്, അതാണ് 1 പത്രൊസ് 1:22–2:10 എന്നതാണ്. അവൻ അവിടെ ക്രിസ്ത്യാനിയുടെ പരിവർത്തനത്തെയാണ് പറയുന്നത് (1:22–25), സ്വഭാവത്തെയും (2:2, 3), വിളിയേയും പറയുന്നുണ്ട് (2:4–10). തന്റെ വായനക്കാർ സന്തോഷിക്കേണ്ടത് ക്രിസ്ത്യാനികളെ ദൈവം തിരഞ്ഞെടുത്ത്, അവന്റെ വാസ്തവത്തിലുള്ള യിസ്രായേൽ ആക്കുന്നതുകൊണ്ടാണ് എന്ന് പത്രൊസ് അവിടെ പറഞ്ഞവസാനിപ്പിക്കുന്നു.

പത്രൊസ് 1 പത്രൊസ് 2:9, 10 ൽ ക്രിസ്ത്യാനികൾ ദൈവത്തിന്റെ യിസ്രായേൽ എന്നു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. ഈ താരതമ്യം ദൈവത്തോടു നമുക്കുളള പ്രത്യേക ബന്ധവും, നമ്മെ ദൈവം പ്രത്യേകമായി വിളിച്ചതും ഉൾപ്പെടുന്നു; അതു നമുക്കു ക്രിസ്തുവിൽ തരുന്ന ആത്മിയ അനുഗ്രഹങ്ങളിൽ സന്തോഷിപ്പാൻ വക തരുന്നു. ഈ വാക്യങ്ങൾ നാം ആത്മിയ യിസ്രായേൽ ആണെന്നു നമ്മെ പഠിപ്പിക്കുന്നു.

### തിരഞ്ഞെടുത്ത ജാതി

സഭ ആത്മിയ യിസ്രായേൽ എന്നു വിശദീകരിച്ചു, ക്രിസ്ത്യാനികൾ "ഒരു തിരഞ്ഞെടുക്കപ്പെട്ട ജാതി" യാണെന്നു പത്രൊസ് പറഞ്ഞു (1 പത്രൊസ് 2:9). അവരെ തിരഞ്ഞു, പെറുക്കി, വേർപെടുത്തിയിരിക്കുന്നു. അവർ ഭൂമിയിലെ ആളുകളിൽ നിന്നു, വിളിച്ചു ദൈവിക തിരഞ്ഞെടുപ്പിനാൽ പ്രത്യേക ജാതിയാക്കിയിരിക്കുന്നു.

സിനായ് പർവ്വതത്തിൽ വെച്ചു മോശെ മുഖാന്തരം യിസ്രായേലിനോടു ദൈവം പറഞ്ഞു. "നിന്റെ ദൈവമായ യഹോവയ്ക്കു നീ ഒരു വിശുദ്ധ ജനമാകുന്നു; ഭൂതലത്തിലുളള സകലജാതികളിലും വെച്ചു നിന്നെ തനിക്കു സ്വന്തജനമായിരിക്കേണ്ടതിനു നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുത്തിരിക്കുന്നു" (ആവർത്തന പുസ്തകം 7:6). വീണ്ടും, അവൻ യിസ്രായേലിനെക്കുറിച്ചു പറഞ്ഞതു, "ആകയാൽ നിങ്ങൾ, എന്റെ വാക്ക് കേട്ടനുസരിക്കുകയും എന്റെ നിയമം പ്രമാണിക്കയും ചെയ്താൽ നിങ്ങൾ എനിക്കു സകല ജാതികളിലും വെച്ചു പ്രത്യേക സമ്പത്തായിരിക്കും" (പുറപ്പാട് 19:5).

എങ്ങനെയായാലും, മനുഷ്യ ചരിത്രത്തിലെ ഈ അവസാന യുഗത്തിൽ, ജഡിക യിസ്രായേൽ അല്ല, ക്രിസ്ത്യാനികൾ ആണ് "തിരഞ്ഞെടുക്കപ്പെട്ട ജാതി." പുരാതന യിസ്രായേലിനെ അടിസ്ഥാനമായി നയിച്ചു, പുതിയ യിസ്രായേലായി സഭ നിറവേറുകയും ചെയ്തു. ക്രിസ്തുവിൽ പ്രവേശിക്കുന്ന എല്ലാവരും ആയിരിക്കും തിരഞ്ഞെടുക്കപ്പെട്ട ജാതി എന്നു അവൻ നിർണ്ണയിച്ചതായി പൗലൊസ് പറയുന്നു:

> നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിനു അവൻ ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന്നു അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ച്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലൊ, ... കൂടാതെ അവനിൽ നാം അവകാശവും പ്രാപിച്ചു, തന്റെ ഹിതത്തിന്റെ ആലോചന പോലെ സകലവും അവന്റെ മുൻ നിർണ്ണയപ്രകാരം തന്നെ (എഫെസ്യർ 1:4, 5, 11).

അവഗണിക്കപ്പെട്ട, ഒറ്റപ്പെടുത്തിയ, അല്ലെങ്കിൽ നമ്മെ മറി കടന്നു പോയ നിരാശയുടെ അനുഭവങ്ങൾ നമുക്കെല്ലാവർക്കും ഉണ്ടായിരിക്കും. നമ്മളെ മറി കടന്ന്, അവസാനനിമിഷം വരെ ഓരോരുത്തരെ

തിരഞ്ഞെടുക്കയും നമ്മെ തളളുകയും ചെയ്യും. ഒരു ഗയിമിലേക്കു ടീം അംഗങ്ങളെ തിരഞ്ഞടുക്കുമ്പോൾ, ചിലർക്കു അത്തരം നിരാശ ഉണ്ടായിട്ടുണ്ട്; നമുക്കു മുൻപു ചിലരെ തിരഞ്ഞെടുക്കുകയോ, അല്ലെങ്കിൽ നമ്മെ മറി – കടക്കുകയോ ചെയ്യുന്നു. നമ്മിൽ ചിലർ മറ്റുളള വരെ ആദരിക്കുകയും നമ്മെ ആദരിക്കാതെ, നമ്മുടെ പേർ വിളിക്കാതെയിരിക്കയും, നാം അവസാനം വരെ ഇരുന്നാലും നമ്മുടെ പേർ ലിസ്റ്റിൽ വിളിക്കാതെയിരിക്കും. നാം അവരിൽ "ആരും അല്ലാതിരിക്കും" ഇത്തരം അസുഖകരമായ സന്ദർഭത്തിൽ മനശാസ്ത്രജ്ഞന്മാർ ഭൗർഭാഗ്യരായവരോടു ചെയ്തതു പോലെയാവും. അത്തരം ആളുകൾ ഡോക്ടറോടു പറയും, "ഡോ, എനിക്കു ഒരു അപകർഷതാ ബോധം ഉണ്ട്, എന്നാൽ അതിനു എന്തു ചെയ്യണമെന്ന് എനിക്കറിയില്ല." മനശാസ്ത്രജ്ഞൻ രോഗിയെ പലതവണ പരിശോധിച്ച ശേഷം, അവനോടു പറയും, "സ്നേഹിതാ, താങ്കൾക്കു ഒരു അപകർഷതാ ബോധമില്ല; നിങ്ങൾ താഴ്ന്ന ആളാണ്!"

ഈ സാഹചര്യങ്ങളിൽ കടന്നു പോകുന്നവർ സാധാരണ, അവർ ഉയർന്ന കഴിവുകൾ ഉള്ളവർ, അവർ എങ്ങനെയുളളവർ, അവൻ എന്തു സ്മാർട്ട് ആണ്, അല്ലെങ്കിൽ അവർക്കുളള മറ്റുള്ളവയെയും പറയും. അനന്തരമായി, നമുക്ക് ഇങ്ങനെ സംഭവിച്ചാൽ, നമ്മെ തകർത്തു കളയും, കാരണം അതു പറയുന്നതു നാം മതിയായത്ര താലന്ത് ഇല്ലാത്തവർ, നാം നന്നായി കാണപ്പെടുന്നില്ല, നമുക്കു വേണ്ടത്ര സ്മാർട്ട്നസ്സ് ഇല്ല, അല്ലെങ്കിൽ നമുക്കു വേണ്ടത്ര കഴിവുകൾ ഇല്ല എന്നും പറയും.

പത്രൊസ് പറഞ്ഞതനുസരിച്ചു ക്രിസ്ത്യാനികൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജാതിയാണ്: അവൻ പറഞ്ഞതു സത്യമാണ്, അതു നാം താലന്തുള്ളവരോ, കാണുവാൻ കൊള്ളാവുന്നതുകൊണ്ടോ, അല്ലെങ്കിൽ സ്മാർട്ടെസ്റ്റ് ആയതുകൊണ്ടോ അല്ല, മറിച്ചു നാം ദൈവത്താൽ സ്നേഹിക്കപ്പെട്ടതുകൊണ്ടും, വിശ്വാസത്തോടെയും അനുസരണത്തോടെയും നാം ദൈവേഷ്ടത്തോടു പ്രതികരിച്ചു, അവന്റെ മക്കളായി, അവന്റെ സഭയിലായതുകൊണ്ടുമാണ്. നമുക്കു ദൈവമുൻപാകെ ലഭിച്ച മതിപ്പു ദൈവകരുണയാലാണ്, അല്ലാതെ നമ്മുടെ പണമോ അല്ലെങ്കിൽ മാനുഷ്യയോഗ്യതയോ കാരണമല്ല. പത്രൊസ് പറഞ്ഞു, "... കരുണ ലഭിക്കാത്തവർ, ഇപ്പോഴോ കരുണ ലഭിച്ചവർ" (1 പത്രൊസ് 2:10). പൗലൊസ് തിത്തൊസിനോടു പറഞ്ഞു, "അവൻ നമ്മെ നാം ചെയ്ത നീതി പ്രവൃത്തികളാലല്ല, തന്റെ കരുണ പ്രകാരമത്രെ രക്ഷിച്ചത്" (തിത്തൊസ് 3:5). ക്രിസ്തുവിനോടു ചേരുവാനുള്ള നമ്മുടെ സ്നാനത്തിൽ, നമുക്ക് അവന്റെ സഭയിൽ തിരഞ്ഞെടുക്കപ്പെട്ട ജാതി ആകുവാൻ ദൈവകരുണ ലഭിച്ചു.

നാം ഇന്നു ദൈവത്തിന്റെ യിസ്രായേൽ ആണെന്ന വലിയ സത്യം– അതു ശക്തവും, പ്രത്യാശയും, ഉറപ്പും നല്കുന്നതും സ്നേഹശൂന്യവും ഉപദ്രവകരവുമായ കലക്കത്തിനു അതു നമ്മിൽ നിന്നു എടുത്തു കളയുവാൻ സാധ്യമല്ല. ഉദാഹരണമായി, അതു നമ്മെ ദൈവത്തോടു പ്രാർത്ഥിക്കുവാൻ വിശ്വാസവും ധൈര്യവും ഉറപ്പി

ക്കുന്നു. ഏതൊരു ആവശ്യ സമയത്തും നമുക്ക് ധൈര്യത്തോടെ ദൈവ സിംഹാസനത്തോടു അടുത്തു ചെല്ലാം; അതുപോലെ ദൈവത്തിനു നന്ദിയും പുകഴ്ച്ചയും അർപ്പിക്കേണ്ടി വരുമ്പോഴും അതു നമ്മെ ദൈവ ശക്തിയിൽ ജീവിക്കുവാൻ ഉത്സാഹിപ്പിച്ചു. കാരണം ദൈവത്താൽ നാം തിരഞ്ഞെടുക്കപ്പെട്ടവരായതു ദൈവ നിക്ഷേപമായ ആത്മീയാനുഗ്രഹങ്ങൾ ഒരിക്കലും ദൈവം തടഞ്ഞു വെക്കുകയില്ല (എഫെസ്യർ 2:18).

നാം അവന്റെ തിരഞ്ഞെടുക്കപ്പെട്ട ജാതി ആകയാൽ നമുക്കു സന്തോഷിക്കാം.

## ഒരു രാജകീയ പുരോഹിതവർഗ്ഗം

രണ്ടാമതു, പത്രൊസ് പറഞ്ഞതു സഭ "ഒരു രാജകീയ പുരോഹിത വർഗ്ഗമാണ്" (1 പത്രൊസ് 2:9). ക്രിസ്ത്യാനികളാണ് ഇന്ന് ദൈവത്തിന്റെ പുരോഹിതന്മാർ. ഏക ശരീരമായി, അവർ പുരോഹിതന്മാരുടെ രാജ്യമാകുന്നു.

പഴയ നിയമ കാലത്ത്, ലേവ്യാ പുരോഹിതന്മാർ മുഖേന തന്റെ ദേശത്തിനു തന്നോടു സമീപിക്കാമായിരുന്നു. അവൻ ലേവ്യാ വംശത്തിലെ അമ് രാമിന്റെ കുടുംബത്തിൽ നിന്നാണ് പുരോഹിതന്മാരെ തിരഞ്ഞെടുത്തത്. ജനങ്ങളുടെ യാഗങ്ങൾ അവന്നു അർപ്പിച്ചിരുന്നതു അവർ ആയിരുന്നു. മോശെയുടെ ന്യായപ്രമാണപ്രകാരം ദൈവത്തെ ആരാധിക്കുവാൻ യിസ്രായേലിനെ നയിച്ചതും അവരായിരുന്നു.

ദൈവം ലേവ്യാഗോത്രത്തോടു പറഞ്ഞു, "... ഞാൻ നിന്റെ ഓഹരിയും അവകാശവും ആകുന്നു ..." (സംഖ്യാപുസ്തകം 18:20). ജീവിതത്തിലും, സേവനത്തിലും, ആരാധനയിലും പ്രത്യേക ബഹുമാനം ലേവ്യർക്കു ദൈവം കൊടുത്തിരുന്നു. അവർക്കു ദൈവത്തോടു അടുക്കുവാനും ഉറ്റബന്ധം പുലർത്തുവാനും ദൈവം അവരെ അനുവദിച്ചു.

ലേവ്യാ പൗരോഹിത്യത്തിന്റെ കാലം കഴിഞ്ഞു എന്നു പത്രൊസ് 1 പത്രൊസ് 2:9-ൽ പത്രൊസ് പറഞ്ഞു, ഒരു പുതിയ പൗരോഹിത്യം കർത്താവു നിയമിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ വീണ്ടെടുപ്പു പ്രവൃത്തിയാൽ, സഭയെ അവൻ ക്രിസ്തീയയുഗത്തിൽ പുരോഹിത വർഗ്ഗമാക്കി വെച്ചിരിക്കുന്നു.

ദൈവം സഭയെ പുരോഹിത വർഗ്ഗമെന്ന് മാത്രമല്ല, ഒരു "രാജകീയ" പുരോഹിത വർഗ്ഗമെന്ന് കൂടെ വിളിച്ചിരിക്കുന്നു. സഭയെന്നത് പുരോഹിതന്മാരുടെ രാജ്യം അല്ലെങ്കിൽ രാജകീയ പുരോഹിതന്മാർ ആണ്. യോഹന്നാൻ ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികൾക്ക് പത്മോസ് ദ്വീപിൽ നിന്ന് എഴുതുന്നത്, "തന്റെ പിതാവായ ദൈവത്തിൽ നിന്ന് നമ്മെ രാജ്യവും പുരോഹിതൻമാരും ആക്കി തീർത്തവരുമായവന് എന്നന്നേക്കും മഹത്വവും ബലവും ..." (വെളിപാട് 1:6) പത്രോസും പറഞ്ഞു, "നിങ്ങളും ജീവനുള്ള കല്ലുകൾ എന്ന പോലെ ആത്മീയ ഗൃഹമായി യേശുക്രിസ്തു മുഖാന്തിരം ദൈവത്തിനു പ്രസാദമുള്ള ആത്മീക യാഗം കഴിപ്പാൻ തക്ക വിശുദ്ധ പുരോഹിത വർഗ്ഗമാകേണ്ടതിന്" (1 പത്രൊസ് 2:5). ക്രിസ്ത്യാനിക്ക് പരിശുദ്ധാത്മാവ് മുഖാന്തിരം ദൈവ

ത്തോട് നേരിട്ട് അടുക്കുവാനും (റോമർ 8:27), യേശുവിന്റെ മഹാ പൗരോഹിത്യവും മാധ്യസ്ഥവും, പക്ഷവാദ പ്രവർത്തികളും മുഖാന്തിരം ദൈവത്തോട് ബന്ധപ്പെടാം (1 തിമോ 2:5; എബ്രാ 7:26, 27). യേശുക്രിസ്തു മുഖാന്തിരമല്ലാതെ മറ്റൊരു മധ്യസ്ഥൻ മുഖാന്തിരം ക്രിസ്ത്യാനി ദൈവത്തിന്റെ അടുക്കൽ പോകുന്നില്ല. മനുഷ്യർ നിയോഗിക്കപ്പെട്ട പുരോഹിതന്മാർ, മരിച്ചു പോയ വിശുദ്ധന്മാർ മുഖേനയോ, അല്ലെങ്കിൽ ദൂതന്മാർ മുഖേനയോ, പുരോഹിതനായി നിന്നു കൊണ്ട്, ദൈവത്തോട് ക്രിസ്ത്യാനി അപേക്ഷിക്കുന്നില്ല.

"പുരോഹിതൻ" എന്ന വാക്കിന് ലാറ്റിനിൽ അർത്ഥം "പാലം – പണിയുന്നവൻ." പാലത്തിന്റെ ചിത്രീകരണ ആശയം പഴയ നിയമ കാലയളവിലെ പുരോഹിതന്റെ പങ്കിനെ സൂചിപ്പിക്കുന്നു. പുരോഹിതൻ ദൈവത്തിനും മനുഷ്യനും മധ്യേ ഒരു തരം ആത്മീയമായ പാലമായിരുന്നു. അവൻ ദൈവേഷ്ടം മനുഷ്യരിലേക്കും, മനുഷ്യന്റെ ആവശ്യം ദൈവത്തിലേക്കും നല്കിവന്നു. ദൈവം ഈ പുരോഹിതൻ മുഖേന ആളുകളിലേക്ക് എത്തുകയും, ആളുകൾ പുരോഹിതൻ മുഖേന ദൈവത്തിലേക്ക് പോകുകയും ചെയ്തു എന്നാൽ ക്രിസ്തീയ കാലഘട്ടത്തിൽ അതെത്ര വ്യത്യസ്തമായിരിക്കുന്നു! ഒരാൾ ക്രിസ്ത്യാനി ആയി തീരുമ്പോൾ, അയാൾ ദൈവത്തിന്റെ പുരോഹിതനായി തീരുന്നു.

ദൈവത്തിന്റെ പുരോഹിതന്മാർ എന്ന സ്ഥാനത്ത് നാം ദൈവത്തിന്റെ പ്രവർത്തിക്കായി നിർബന്ധപൂർവ്വം വേർതിരിക്കപ്പെടുകയും ആ സ്ഥാനം വിശുദ്ധമായി ഉപയോഗിക്കുകയും വേണം. ആ ഒരു കൂട്ടായ്മയിൽ ജീവിപ്പാനാണ് അവൻ നമ്മെ ആക്കിയിരിക്കുന്നത്. ദൈവത്തിന്റെ പുരോഹിതവർഗ്ഗമായി, നമുക്ക് ദൈവ മുൻപാകെ ഉയർന്ന നേട്ടമാണുള്ളത്.

നാം "ഒരു രാജകീയ പുരോഹിത വർഗ്ഗം" ആയിരിക്കുകയാൽ നമുക്ക് സന്തോഷിക്കാം!

### ഒരു വിശുദ്ധ വംശം

മൂന്നാമത് പത്രൊസ് പറഞ്ഞത് ക്രിസ്തുവിന്റെ സഭ "ഒരു വിശുദ്ധ വംശം" ആണെന്നത്രേ (1 പത്രൊസ് 2:9). ആലങ്കാരികമായി പറഞ്ഞാൽ, സഭ ദൈവജനമായ, രാജ്യമായ, പ്രത്യേകിച്ച് അവനുവേണ്ടി വിശുദ്ധീകരിക്കപ്പെട്ട ജനമാകുന്നു.

യിസ്രായേലിന്, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ദേശമായി വിളിച്ചത്, വിശുദ്ധിക്കത്രേ. മോശെ മുഖാന്തിരം ദൈവം യിസ്രായേലിനെ, "നിങ്ങളുടെ ദൈവമായ യഹോവ എന്ന ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" (ലേവ്യ 19:2). അവൻ പിന്നേയും അവരോട് പറഞ്ഞു, "നിങ്ങൾ എനിക്ക് ഒരു പുരോഹിത രാജ്യത്വവും വിശുദ്ധ ജനവും ആകും" (പുറപ്പാട് 19:6). യിസ്രായേലിനെ വിശുദ്ധിക്കായി വിളിച്ചത് മനസ്സിൽ വെച്ചുകൊണ്ടും ഒരു പക്ഷേ ലേവ്യ 19:2 ഉദ്ധരിച്ച് കൊണ്ടും, പത്രൊസ് തന്റെ ലേഖന വായനക്കാരോട്, "നിങ്ങളെ വിളിച്ച വിശുദ്ധനു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ

നടപ്പിലും വിശുദ്ധരാകുവിൻ 'ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ'" (1 പത്രൊസ് 1:15, 16).

ദൈവത്തിന്റെ വംശമായ ക്രിസ്ത്യാനികൾ, ദൈവത്തേപ്പോലെ ആകേണ്ടവരാണ്. അവൻ വിശുദ്ധനാകയാൽ, നാമും വിശുദ്ധരായി, അവന്റെ പ്രിയമക്കളായി അനുകരിക്കുകയും നമ്മുടെ വ്യക്തിത്വങ്ങളിലും പ്രവർത്തികളിലും നമ്മുടെ പിതാവിന്റേതായി നാം മാറുകയും വേണം (എഫേ 5:1, 2).

"വിശുദ്ധി" എന്ന വാക്ക് അർത്ഥമാക്കുന്നത് "വിശുദ്ധ ഉപയോഗത്തിന് വേർതിരിക്കുക" എന്നാണ്. ക്രിസ്ത്യാനികളെ ഉപയോഗിച്ച് ഈ വാക്ക് അർത്ഥമാക്കുന്നത്, ദൈവജനത്തെ വേർതിരിക്കുന്നത് അവനോടുള്ള ധ്യാനത്തിനും സേവനത്തിനുമാണ്.

ഒരു ക്രിസ്ത്യാനിക്ക് രണ്ട് ദേശങ്ങളിലാണ് പൗരത്വമുള്ളത് – ഒന്ന് താൻ *വസിക്കുന്നതും* മറ്റൊന്ന് തനിക്ക് *ലഭിപ്പാൻ ഇരിക്കുന്നതും.* ഭൂമിയിലെ ഒരു പൗരനായി അയാൾ ലോകത്തിൽ ജീവിക്കുന്നു, എന്നാൽ അവനെ ഭരിക്കുന്നതായ പൗരത്വം ദൈവത്തിന്റെ ദേശമായ ആത്മീയവും, സ്വർഗ്ഗീയവും ആയ രാജ്യത്തിലാണ്. പൗലോസ് എഴുതി, "നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു, അവിടെ നിന്ന് കർത്താവായ യേശു ക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു" (ഫിലി 3:20).

ഒരു ക്രിസ്ത്യാനി എങ്ങനെ ദൈവത്തിന്റെ വിശുദ്ധ വംശത്തിൽ പൗരനാകുന്നു എന്ന് ചിന്തിക്കുമ്പോൾ, അവൻ ഉടനെ ആശ്വസിക്കപ്പെടുകയും വെല്ലുവിളി ഏറ്റെടുക്കുകയും ചെയ്യുന്നു – ആശ്വസിക്കപ്പെടുന്നത് ദൈവത്തോടുള്ള അവന്റെ ബന്ധത്താലും, വെല്ലുവിളിക്കപ്പെടുന്നത് സ്വർഗ്ഗീയമായ വിളിയിൽ അടങ്ങിയിരിക്കുന്ന ബന്ധത്താലുമാണ്. ഭൂമിയിലെ നമ്മുടെ വാസം, പത്രോസ് പറഞ്ഞു എല്ലായ്പ്പോഴും നമ്മുടെ സ്വർഗ്ഗീയ പൗരത്വമാണ് പ്രതിഫലിപ്പിക്കേണ്ടത്. ക്രിസ്ത്യാനിയുടെ ജീവിതത്തിൽ എല്ലാ വശങ്ങളിലും വിശുദ്ധി എത്തേണം. പത്രൊസ് പറഞ്ഞു, "... നിങ്ങൾ എല്ലാ നടപ്പിലും വിശുദ്ധരായിരിപ്പിൻ" (1 പത്രോസ് 1:15). നാം ചിന്തിക്കുന്നതും, പറയുന്നതും, പ്രവർത്തിക്കുന്നതും നാം ആരാണെന്ന് തെളിയിക്കുന്നു.

ഒരു അമ്മ തന്റെ മക്കളെ സ്കൂളിലേക്ക് അയക്കുമ്പോഴോ അല്ലെങ്കിൽ മറ്റ് വല്ല പ്രവർത്തികൾക്ക് അയക്കുമ്പോഴോ അവരിൽ നിന്ന് തല്ക്കാലം വിട്ട് നിൽക്കുന്നതുകൊണ്ട് പറയും, "ഇപ്പോൾ നിങ്ങൾ ആരാണെന്ന് ഓർമ്മിക്കുക." അവൾ അങ്ങനെ അവരെ ഓർമ്മിപ്പിക്കുന്നതുകൊണ്ട് അവർ നന്നായി പെരുമാറുമെന്ന് അവൾ ഊഹിക്കുന്നു, അവളുടെ വിശ്വാസത്തിന് അനുസരിച്ച് യോഗ്യമായി അവർ പെരുമാറുമെന്നും കരുതുന്നു. തങ്ങൾ ആരെന്ന് ക്രിസ്ത്യാനികൾക്ക് ബോധ്യമുണ്ടെങ്കിൽ, അവർ ദൈവത്തിന്റെ വിശുദ്ധ വംശമായി, വിശുദ്ധ ജീവിതം തന്നെ നയിക്കും.

നാം "ഒരു വിശുദ്ധവംശം" ആകയാൽ നമുക്ക് സന്തോഷിക്കാം.

**ഒരു സ്വന്തജനം**

നാലാമത്, ക്രിസ്ത്യാനികൾ ''ഒരു സ്വന്തജനം'' ആണെന്ന് പത്രൊസ് പറഞ്ഞു (1 പത്രൊസ് 2:9; കെ. ജെ. വി). എൻ. എ. എസ്. ബി. യിൽ "ദൈവത്തിനായുളള ഒരു സ്വന്തജനം," എന്നത് ഗ്രീക്ക് പദ പ്രയോഗത്തിന്റെ വ്യക്തമായ തർജ്ജിമയാണ്. പോയിന്റ് എന്തെന്നാൽ ക്രിസ്ത്യാനികൾ ദൈവത്തിന്റെ സ്വന്ത സമ്പത്ത്, അവന്റെ തന്നെ സമ്പാദ്യം; ആ അർത്ഥത്തിൽ അവർ പ്രത്യേകതയുളളവരാണ്.

ദൈവം മോശെ മുഖാന്തിരം ജഡീക യിസ്രായേലിനോട് പറഞ്ഞു, "നിന്റെ ദൈവമായ യഹോവയ്ക്ക് നീ ഒരു വിശുദ്ധജനം ആകുന്നു; ഭൂതലത്തിലുള്ള സകലജാതികളിലും വച്ചുനിന്നെ എനിക്ക് സ്വന്ത ജനമായിരിക്കേണ്ടതിന് നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുത്തി രിക്കുന്നു" (ആവർത്തന 7:6). അവൻ അതുപോലെ അവരോട് പറ ഞ്ഞു.

> യഹോവ അരുളി ചെയ്തതു പോലെ നീ അവന് സ്വന്ത ജനമായി അവന്റെ സകല കൽപ്പനകളും പ്രമാണിച്ച് നടക്കുമെന്നും താൻ ഉണ്ടാക്കിയ സകല ജാതികൾക്കും മീതെ നിന്നെ പുകഴ്ച്ചയ്ക്കും കീർത്തിക്കും മാനത്തിനുമായി ഉന്നതമാക്കേണ്ടതിന് താൻ കൽപ്പി ച്ചത് പോലെ നിന്റെ ദൈവമായ യഹോവയ്ക്ക് വിശുദ്ധജനമായിരി ക്കുമെന്നും ഇന്ന് നിന്റെ വാമൊഴി വാങ്ങിയിരിക്കുന്നു (ആവർത്തന 26:18, 19).

ഇന്ന് ക്രിസ്തീയ കാലത്ത്, സഭ, ദൈവത്തിന്റെ സ്വന്തജനമായി പൗലോസ് ക്രിസ്തുവിന്റെ സഭയെ തിത്തോസ് 2:14-ൽ "സ്വന്തജന മായി തനിക്ക് ശുദ്ധീകരിക്കേണ്ടതിന് തന്നെത്താൻ നമുക്ക് വേണ്ടി കൊടുത്തു, എന്നു പറഞ്ഞിരിക്കുന്നു."

ഒരു സുവിശേഷയോഗത്തിന് വേണ്ടി, വർഷങ്ങൾക്ക് മുൻപ് എന്റെ കുടുംബം വാഷിംഗ്ടൺ, ഡി.സി. യിൽ എന്നോടൊപ്പം ആയിരുന്നു. ആ ആഴ്ചയിൽ സഹോദരന്മാർ ഞങ്ങളെ ചില ചരിത്രപരമായ കാഴ്ച കൾ അവിടെ കാണിക്കാൻ കൊണ്ടു പോയി. എന്റെ ഓർമ്മയിൽ നില നിന്ന ഒരു പ്രത്യേക സംഭവം പ്രസിഡന്റ് ആയിരുന്ന എബ്രഹാം ലിങ്കണെ കൊല ചെയ്ത സ്ഥലം സന്ദർശിച്ചതായിരുന്നു. ആ മനു ഷ്യന്റെ പ്രാധാന്യം കൊണ്ട് ആ കാഴ്ച്ച എനിക്ക് പ്രിയമായിരുന്നു. ആ കാഴ്ചയ്ക്ക് താഴെ കണ്ടതായ മ്യൂസിയം അത്ര പ്രധാന്യമുള്ളതായി തോന്നിയില്ല. പ്രസിദ്ധനായ ഒരു വ്യക്തി ഉപയോഗിച്ച വിലയില്ലാത്ത വസ്തുവും മനോഹരമായി തീരുന്നു. വളരെ വിലകുറവുള്ള ഒരു ഷൂസ് ഒരു കണ്ണാടി കൂട്ടിൽ വിലപിടിപ്പുള്ളതു പോലെ സൂക്ഷിച്ചിരിക്കുന്നു, കാരണം അത് ലിങ്കൻ കൊലചെയ്യപ്പെട്ട ദിവസം ധരിച്ചതായിരുന്നു. അത് ആർ സ്വന്തമാക്കിയിരുന്നു എന്ന കാരണത്താൽ നിസാര വില യുടേത് വിലമതിക്കത്തക്കതായി തീരുന്നു.

ക്രിസ്ത്യാനികളായ നാം നമ്മെത്തന്നെ എടുത്താൽ വിലയുള്ളവ രല്ല, എന്നാൽ നാം ദൈവത്തിന്റെ ജനമായി കാണുമ്പോൾ, ദൈവം

ഉപയോഗിച്ച സ്വന്തം ആളുകളായി മാറുന്നതു കൊണ്ട് നാം വാസ്തവത്തിൽ വിലയുള്ളവരായിത്തീരുന്നു! അത് നമ്മുടെ സ്വന്ത - വിലയേക്കാൾ, നമ്മുടെ വില ഉയരുകയും, ദൈവമാണ് അതിനിടയാക്കിയത് എന്ന് തിരിച്ചറിയുകയും, ഭൂമിയിലെ സകല ആളുകളിലും വച്ച് നാം അവന്റെ സ്വന്തജനമായി അറിയപ്പെടുകയും ചെയ്യുന്നു.

ഒരു അമ്മ ഒരു കളിപ്പാട്ടക്കടയിലേക്ക് തന്റെ കൊച്ചു കുട്ടിയുമായി നടന്ന് പോകുന്നത് മനസ്സിൽ കാണുക. ആ കുട്ടി നോക്കിയപ്പോൾ, അവന്റെ കണ്ണുകൾ ഒരു പൊട്ടിയ തുഴയുന്ന തോണി ഒട്ടിച്ച് വച്ചിരിക്കുന്നതിൽ പതിയുകയും, "ഇത് ഇങ്ങനെ തന്നെ വിൽക്കപ്പെടും" എന്നതും കണ്ടു. ആ തോണി "അങ്ങനെ തന്നെ," വളരെ വിലകുറഞ്ഞതായിരുന്നു. എന്നാൽ അത് അവന്റെ തെരഞ്ഞെടുപ്പുമായിരുന്നു. അവൻ അതിൽ പതിപ്പിച്ച വിലയും നൽകി. അവൻ വീട്ടിൽ ചെന്നയുടനെ അതെടുത്ത് ഉപയോഗിക്കാൻ തുടങ്ങി. അൽപ്പം പശയെടുത്ത്, ഒരു പുതിയ പലക കഷണമെടുത്ത് ഒട്ടിച്ച്, അതിൽ പുതുതായി പെയിന്റുമടിച്ചു. ഇപ്പോൾ, തന്റെ തോണിയോട് അവന് പറയാം, "ഞാൻ നിന്നെ വിലയ്ക്കുവാങ്ങി, കേടുപാടുകൾ തീർത്തു, ഇപ്പോൾ വാസ്തവമായും നീ എന്റേതാണ്!" അതേ രീതിയിൽ, ക്രിസ്ത്യാനികൾ ദൈവത്തിനുള്ളവരാണ്. അവൻ നമ്മെ പുതുക്കിപണിയുകയും അവനോട് കൂടെ നാം നടക്കേണ്ടതിന് തുടർച്ചയായി നമ്മെ മാറ്റുകയും ചെയ്യുന്നു. ഇപ്പോൾ വീണ്ടെടുക്കപ്പെട്ടവനായ അവന് പറയാം, "ഇവർ വാസ്തവമായും എന്റെ സ്വന്ത ജനമാകുന്നു." ക്രിസ്തുവിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ട ഓരോ വ്യക്തിയേയും ഉയർന്നതും മനോഹരവുമായ നിലവാരമായ ദൈവത്തിന്റെ സ്വന്തവംശമായിത്തീരുന്നു.

നാം "ഒരു സ്വന്തവംശം" ആകയാൽ നമുക്ക് സന്തോഷിക്കാം.

### ഉപസംഹാരം

അതുകൊണ്ട്, സഭ, ഇന്ന് ദൈവത്തിന്റെ യിസ്രായേലായ ആത്മീയ യിസ്രായേൽ ആകുന്നു. പുരാതന യിസ്രായേലിനെ ദൈവം തിരഞ്ഞെടുത്തതുപോലെ നമ്മെയും തിരഞ്ഞെടുത്തിരിക്കുന്നു. പഴയ നിയമകാലത്ത് യിസായേലിനുണ്ടായിരുന്നതുപോലെ നമുക്കും ഒരു പൗരോഹിത്യമുണ്ട്. യിസ്രായേൽ ദൈവത്തിന്റെ സ്വന്തദേശമായിരുന്നതുപോലെ ഇന്ന് സഭ ദൈവത്തിന്റെ വിശുദ്ധവംശമാണ്. യിസ്രായേലിനെ ദൈവം പഴയ നിയമ കാലത്ത് വിശുദ്ധിക്കായും സ്വന്തജനമാക്കേണ്ടതിനും വിളിച്ചത് പോലെ, ഇന്ന്, ക്രിസ്തീയകാലത്ത് സഭയെ വിശുദ്ധവും തന്റെ സ്വന്തജനവും ആകേണ്ടതിനു തിരഞ്ഞെടുത്തിരിക്കുന്നു.

ഓരോ നവംബറിലും, നാലാമത്തെ വ്യാഴാഴ്ച തോറും അമേരിക്കയിൽ നന്ദി സൂചന ആഘോഷിക്കുന്ന ദിവസമാണ്. എന്നാൽ പുതിയ നിയമത്തിൽ എങ്ങും ഒരു ദിവസം നന്ദിസൂചനയായി ആഘോഷിക്കാൻ കൽപ്പിച്ചിട്ടില്ല. എന്നാൽ, നന്ദി ചെലുത്തേണ്ടത് ആത്മീയമായി ഓരോ ദിവസവും, തുടരേണ്ട മനോഭാവമാണ്. നന്ദി ചെലുത്തുവാൻ പുതിയ നിയമത്തിൽ ഒരു ദിവസം നിശ്ചയിച്ചിട്ടില്ല; അതൊരു നിർവഹണമാണ്.

പൗലൊസ് പറയുന്നതു ക്രിസ്ത്യാനികൾ "ദൈവവും പിതാവുമായ വനു എല്ലായ്പ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തു കൊൾവിൻ" എന്നാണ് (എഫെസ്യർ 5:20). ക്രിസ്ത്യാനികൾക്കു ലഭി ക്കുന്ന അനുഗ്രഹങ്ങളെ മനസ്സിലാക്കുമ്പോൾ, പുതിയ നിയമത്തിൽ ക്രിസ്ത്യാനികൾ എല്ലാ ദിവസവും സ്തോത്രം പറയേണ്ടവരാണെന്ന തിന്റെ പ്രാധാന്യം നാം തിരിച്ചറിയും. "തിരഞ്ഞെടുക്കപ്പെട്ട ജനം," "വിശുദ്ധ വംശം," "രാജകീയ പുരോഹിത വർഗ്ഗം," "സ്വന്ത ജനം" എന്നിവരാകയാൽ നാം തീർച്ചയായും അനുഗ്രഹിക്കപ്പെട്ടവരാണ്. അതു കൊണ്ടു നാം ഓരോ ദിവസവും "അനുഗ്രഹങ്ങളെ ഓരോന്നായി എണ്ണിക്കൊണ്ടു ദൈവത്തിന് സ്തുതി അർപ്പിക്കണം."

നിങ്ങൾ ക്രിസ്ത്യാനി ആയിട്ടില്ലെങ്കിൽ, ദൈവം മനുഷ്യനു നല്കുന്ന ഏറ്റവും ഉയർന്ന അനുഗ്രഹങ്ങൾ നിങ്ങൾ നഷ്ടപ്പെടുത്തു കയാണ്. ദൈവം സഭയിൽ വെച്ചിരിക്കുന്ന ആ നേട്ടം സ്വീകരിക്കുവാൻ നിങ്ങൾക്കു ഇപ്പോൾ അവസരമുണ്ട്. അതിൽ നിങ്ങൾ പങ്കുകാരാകു വാൻ നിങ്ങൾ ദൈവത്തെ അനുവദിക്കുമോ?

### ചർച്ചയ്ക്കും പഠനത്തിനും ഉള്ള ചോദ്യങ്ങൾ

1. "കാല സമ്പൂർണ്ണത" എന്ന പദപ്രയോഗത്തെ ചുരുക്കമായി വിശദമാക്കുക.
2. ക്രിസ്തുവിന്റെ വരവിനു വേണ്ടി പഴയ നിയമ കാലയളവു എങ്ങനെ ലോകത്തെ ഒരുക്കി.
3. ക്രിസ്ത്യാനികൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജാതി എന്നു പറയുന്ന തെങ്ങനെ?
4. നമുക്കു ദൈവവുമായി ലഭിക്കുന്ന നിലവാരം ദൈവത്തിന്റെ കരുണയാലും, നമ്മുടെ വിശ്വാസത്താലും അനുസരണത്താലും വരുന്നു. ഇതിനെ യോഗ്യത യുടെ അടിസ്ഥാനത്തിൽ ലഭിക്കുന്നതുമായി താരതമ്യം ചെയ്യുക.
5. പഴയ നിയമ ന്യായ പ്രമാണത്തിൽ പുരോഹിതന്മാരുടെ പങ്ക് എന്ത്?
6. പഴയ നിയമ കാലത്തെ പുരോഹിതന്മാർ ആരായിരുന്നു?
7. "പൗരോഹിത്യ" ബന്ധത്തിൽ "രാജകീയം" എന്നതു ബോധ്യപ്പെടുത്തുന്ന തെന്ത്?
8. സഭ എന്തർത്ഥത്തിലാണ് "വിശുദ്ധ വംശം" ആകുന്നത്?
9. ഒരു ക്രിസ്ത്യാനി രണ്ടു ദേശങ്ങളിലെ പൗരൻ ആകുന്നതെങ്ങനെ?
10. "സ്വന്ത ജനം" എന്ന പ്രയോഗം വിവരിക്കുക.
11. ക്രിസ്ത്യാനികൾ ദൈവത്തിന്റെ സ്വന്തജനമെന്നു ചിന്തിക്കുമ്പോൾ എന്തനു ഗ്രഹങ്ങളാണ് നമ്മുടെ മനസ്സിൽ വരുന്നത്?
12. നാം ആത്മിയ യിസ്രായേലിലേക്ക് പ്രവേശിക്കുന്നത് എങ്ങനെ?

© 2009 Truth for Today